E-204712/22

## 2005ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ

From I.C. Mini
Pradeep villa, Thalachanvila,
Cheruvarakonam, Parassala P.O
Pin - 695 502

To

The Public Information Officer
Office of the director of Social justice.
5th floor, Vikas Bhavan, Palayam,
PMG Road, Pin - 695033

Forwarded to ... 29/8/22

**വിഷയം: തമിഴും മലയാളവും അറിയുന്ന എൽ ഡി ക്ലർക്ക് തസ്തികകളുടെ എണ്ണം നിർണ്ണയിക്കുന്നതു സംബന്ധിച്ചും, അതിലെ ഒഴിവുകൾ സംബന്ധിച്ചും 2005 വിവരാവകാശ നിയമം 6(3) പ്രകാരം സമർപ്പിക്കുന്ന അപേക്ഷ**

സൂചന:
(1) 24/10/1977ലെ കേരള സർക്കാർ ജനറൽ അഡ്മിനിസ്ട്രേഷൻ (services-D) ഡിപ്പാർട്മെന്റിന്റെ 107936/SD3/77/GAD എന്ന സർക്കുലർ
(2) 29/09/2003ലെ കേരള സർക്കാർ ജനറൽ അഡ്മിനിസ്ട്രേഷൻ (services-D) ഡിപ്പാർട്മെന്റിന്റെ 17733/SDS2/03/GAD എന്ന കത്ത്
(3) 05/09/2013ലെ കേരള സർക്കാർ ജനറൽ അഡ്മിനിസ്ട്രേഷൻ (services-D) ഡിപ്പാർട്മെന്റിന്റെ 66110/SD2/2013/GAD എന്ന സർക്കുലർ
(4) 13/01/2022ലെ പ്രിൻസിപ്പൾ സെക്രട്ടറിയുടെ SD2/80/2018-GAD എന്ന കത്ത്
(5) 20/05/1984ലെ കേരള സർക്കാർ ജനറൽ അഡ്മിനിസ്ട്രേഷൻ (services-D) ഡിപ്പാർട്മെന്റിന്റെ 60733/N1/84/GAD എന്ന സർക്കുലർ

സർ,

2005 വിവരാവകാശ നിയമം സെക്ഷൻ 6 (3) പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി നൽകുമെന്ന് പ്രതീക്ഷിക്കുന്നു:

1. സൂചന (1), (2), (3), (4) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകൾ/ സർക്കുലറുകൾ/ കത്തുകൾ പ്രകാരം വിവിധ വകുപ്പുകൾക്കു കീഴിൽ തമിഴും മലയാളവും അറിയുന്ന എൽ ഡി ക്ലർക്ക് (LDC- Tamil and Malayalam Knowing) തസ്തികകളുടെ എണ്ണം നിർണയിക്കാനും, അത്തരം തസ്തികകളിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ തയ്യാറാക്കുന്ന പട്ടികകളിൽ നിന്ന് നിയമനം നടത്തുവാനും നിഷ്കർഷിക്കുന്നുണ്ട്. അതിൻപ്രകാരം

(a) പാലക്കാട് ജില്ലയിൽ താങ്കളുടെ വകുപ്പിനു കീഴിൽ LDC Tamil and Malayalam Knowing എന്ന തസ്തികകളുടെ നിർണയം നടത്തിയിട്ടുണ്ടോ?

(b) ഉണ്ടെങ്കിൽ, അപ്രകാരം തസ്തികകളുടെ എണ്ണം നിർണയിച്ചുകൊണ്ടുള്ള ഉത്തരവ് തീയതിയും നമ്പരും സഹിതം വ്യക്തമാക്കുക.

(c) ഉത്തരവിന്റെ പകർപ്പ് വിവരാവകാശ നിയമം 2005 പ്രകാരം സാക്ഷ്യപ്പെടുത്തി നൽകുക.

(d) തസ്തിക നിർണയം നടത്തിയിട്ടില്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

2.(a) നിലവിൽ പാലക്കാട് ജില്ലയിലെ താങ്കളുടെ അധികാരപരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലുമായി LD ക്ലർക്കുമാരുടെ അല്ലെങ്കിൽ അതിനു തത്തുല്യമായ ആകെ സ്ഥിരതസ്തികകൾ എത്രയെണ്ണമാണുള്ളത്?

(b) മേൽപ്പറഞ്ഞ തസ്തികകളിൽ എത്ര എണ്ണമാണ് LDC- Tamil and Malayalam Knowing എന്ന വിഭാഗത്തിനായി മാറ്റിവെച്ചിട്ടുള്ളത്?

(c) ചോദ്യം 2(b)ൽ പരാമർശിക്കുന്ന തസ്തികയിൽ നിയമനം നടന്നിട്ടുണ്ടെങ്കിൽ ആയത് സൂചന (1), (2), (3), (4) എന്നിവ പ്രകാരം LDC Tamil and Malayalam Knowing എന്ന തസ്തികകൾക്കായി കേരള പബ്ലിക് സർവീസ് കമ്മീഷൻ പ്രത്യേകം തയാറാക്കിയ ലിസ്റ്റിൽ നിന്നുമാണോ?

(d) ചോദ്യം 2(b)ൽ പരാമർശിക്കുന്ന തസ്തികകൾ നിലവിലില്ലെങ്കിൽ അല്ലെങ്കിൽ നിയമനം നടന്നിട്ടില്ലെങ്കിൽ വകുപ്പിന്റെ തമിഴ്ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ കാര്യാലയങ്ങളിൽ തമിഴുമായ ബന്ധപ്പെട്ട ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നത് എങ്ങനെ എന്ന് വ്യക്തമാക്കാമോ?

3.(a) സൂചന (5)ൻ പ്രകാരം പാലക്കാട് ജില്ലയിലെ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശമായ ചിറ്റൂർ താലൂക്കിൽ താങ്കളുടെ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുക.

(b) ചോദ്യം 3(a)യിൽ സൂചിപ്പിക്കപ്പെട്ട ഓഫീസുകളിൽ എൽ ഡി ക്ലർക്ക്/തത്തുല്യതസ്തികകൾ എത്ര എണ്ണം ഉണ്ടെന്ന് വ്യക്തമാക്കുക.

(c) സൂചന (5)ൻ പ്രകാരം പാലക്കാട് ജില്ലയിലെ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശമായ പാലക്കാട് മുനിസിപ്പൽ ഏരിയയിൽ സ്ഥിതിചെയ്യുന്ന താങ്കളുടെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുക.

(d) ചോദ്യം 3(c)യിൽ സൂചിപ്പിക്കപ്പെട്ട ഓഫീസുകളിൽ എൽ ഡി ക്ലർക്ക്/തത്തുല്യതസ്തികകൾ എത്ര എണ്ണം ഉണ്ടെന്ന് വ്യക്തമാക്കുക.

4.(a) താങ്കളുടെ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലേക്ക് (HQ/ ഹെഡ്ക്വാർട്ടേഴ്സ് vacancy ഉൾപ്പെടെ) പാലക്കാട് ജില്ലയുടെ LDC Tamil and Malayalam knowing റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന തസ്തികകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുക.

(b) താങ്കളുടെ വകുപ്പിന് കീഴിൽ ഉണ്ടാകുന്ന ഹെഡ് ക്വാർട്ടേഴ്സ് (HQ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് വകുപ്പിന്റെ ജില്ലാ ഓഫീസിൽ നിന്നാണോ അതോ ഹെഡ് ഓഫീസിൽ നിന്നാണോ എന്ന് വ്യക്തമാക്കാമോ?

5.(a) താങ്കളുടെ വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ LDC Tamil and Malayalam knowing എന്ന തസ്തികയിൽ സേവനമനുഷ്ഠിച്ചവർക്ക് സ്ഥാനക്കയറ്റം ലഭിച്ചതു മൂലമുണ്ടായ ഒഴിവുകൾ LDC Tamil and Malayalam knowing എന്ന നിലയിൽത്തന്നെ PSCയ്ക്കോ താങ്കളുടെ മേലധികാരികൾക്കോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?
(b) ഉണ്ടെങ്കിൽ ഫയൽ നമ്പർ, റിപ്പോർട്ട് ചെയ്ത കത്തിന്റെ പകർപ്പ് എന്നിവ 2005ലെ വിവരാവകാശനിയമപ്രകാരം സാക്ഷ്യപ്പെടുത്തി നൽകുക.
(c) അപ്രകാരം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ LDC Tamil and Malayalam knowing എന്ന തസ്തികയിൽ മേൽ പരാമർശിച്ച സ്ഥാനക്കയറ്റം വഴിവന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമയത്ത് പ്രസ്തുത vacancy report തയ്യാറാക്കിയ എസ്റ്റാബ്ലിഷ്മെൻറ് കൈകാര്യം ചെയ്ത ജീവനക്കാരന്റെ പേരും തസ്തികയും, ജൂനിയർ സൂപ്രണ്ടിന്റെ പേരും തസ്തികയും, ഓഫീസറുടെ പേരും തസ്തികയും വ്യക്തമാക്കാമോ?

6. 2022-25 കാലയളവുകളിൽ സ്ഥാനക്കയറ്റം മൂലമോ റിട്ടയർമെൻറ് മൂലമോ മറ്റേതെങ്കിലും വിധത്തിലോ പാലക്കാട് ജില്ലയിലെ LDC Tamil and Malayalam Knowing എന്ന തസ്തികകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെണ്ണമെന്ന് തരം തിരിച്ച് വ്യക്തമാക്കുക.

7. സൂചന (5)ൻ പ്രകാരം പാലക്കാട് ജില്ലയിലെ തമിഴ്ഭാഷാന്യൂനപക്ഷ പ്രദേശങ്ങളായി നിശ്ചയിച്ചിട്ടുള്ള പാലക്കാട് മുനിസിപ്പൽ ഏരിയ, ചിറ്റൂർ താലൂക്ക് എന്നിവിടങ്ങളിലെ താങ്കളുടെ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ മാത്രമാണോ ഈ തസ്തികയുടെ നിയമനം സാധ്യമാകുക? അല്ലെങ്കിൽ മറ്റെവിടെയൊക്കെ ആണ് എന്ന് വ്യക്തമാക്കാമോ?

വിനയപൂർവ്വം

Parassala
26/8/2022

Mini

I. C. Mini